**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2479** **17-03-2022 - ൽ മറുപടിയ്ക്ക്**

**പദ്ധതി നടത്തിപ്പ് വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ് സാമ്പത്തിക വർഷ ബജറ്റിൽ വിവിധ വകുപ്പുകൾക്ക് നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; സാമ്പത്തിക വർഷം അവസാനിക്കാൻ ദിവസങ്ങൾ മാത്രം ശേഷിക്കെ വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകയുടെ 40 ശതമാനം പോലും ചെലവഴിച്ചിട്ടില്ലെന്ന വാർത്തയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; വരും ദിവസങ്ങളിൽ ബാക്കിയുള്ള തുക വിനിയോഗിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 7280 കോടി രൂപ ഉൾപ്പെടെ 26572.46 കോടി രൂപ (കെ.എസ്.ഇ.ബി വിഹിതം ഒഴികെ) ആയിരുന്നു 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതി വിഹിതമായി ആസൂത്രണബോർഡ് അംഗീകരിച്ചത്. ഇതിനു പുറമേ, വിവിധ കേന്ദ്ര സഹായ പദ്ധതികളുടെ വിഹിതമായുള്ള 9432.91 കോടി രൂപ കൂടി പദ്ധതി വിഹിതത്തിൽ ഉൾപ്പെടുന്നു. ഇങ്ങനെ ആകെ 36005.37 കോടി രൂപ (കെ. എസ്.ഇ.ബി വിഹിതം ഒഴികെ)യാണ് പദ്ധതി നടത്തിപ്പിനായി 2021-22 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്നത്. ലഭ്യമായ കണക്കുകൾ പ്രകാരം മൊത്തം പദ്ധതി വിഹിതത്തിന്റെ 89.92 ശതമാനം (32374.28 കോടി രൂപ) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | കരാറുകാർ സമർപ്പിച്ച ബില്ലുകൾ ആവശ്യമായ ഫണ്ടില്ലാത്തതിനാൽ നൽകാൻ സാധിക്കാതെ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വകുപ്പ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയ ക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കു ന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമാകാതെ വരുന്ന പക്ഷം ഉചിതമാർഗ്ഗത്തിലൂടെ നിശ്ചിത സമയത്ത് അധിക തുക അനുവദിച്ചും ബില്ലുകൾ തീർ പ്പാക്കിവരുന്നു. കൂടാതെ, ട്രഷറികളിൽ കരാറുകാർ സമർപ്പിച്ചിട്ടുള്ള ക്രമപ്രകാരമുള്ള എല്ലാ ബില്ലുകളും സമയബന്ധിതമായി പാസ്സാക്കി നൽകുന്നുണ്ട്. |
| (സി) | ഇലക്ട്രോണിക് ബില്ലുകൾ സമർപ്പിച്ചാലും കടലാസ് പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് ട്രഷറികൾ ബില്ലുകൾ നിരസിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | നിലവിൽ ശമ്പള ബില്ലുകൾക്ക് മാത്രമാണ് പേപ്പർ ലെസ്സ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. പേപ്പർ ലെസ്സ് ശമ്പള സംവിധാനം ഏർപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുള്ള വകുപ്പുകളുടെ ശമ്പള ബില്ലുകളുടെ ഹാർഡ് കോപ്പി ട്രഷറികളിൽ സമർപ്പിക്കേണ്ടതില്ല. എന്നാൽ, ഇത്തരം വകുപ്പുകളുടെ ശമ്പള ബില്ലുകൾ ഒഴികെയുള്ള മറ്റെല്ലാം ബില്ലുകളുടെയും ഹാർഡ് കോപ്പി ട്രഷറികളിൽ സമർപ്പിക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലാണ് അവ പാസ്സാക്കി നൽകുന്നത്. പേപ്പർലെസ്സ് ശമ്പള സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത വകുപ്പുകളുടെ ശമ്പള ബില്ലുകളുടെ ഹാർഡ് കോപ്പി ട്രഷറികളിൽ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ